# കോവിഡ് 19 രോഗികൾ അറിയാൻ

## സംശയങ്ങളും ഉത്തരങ്ങളും

പാർട്ട് – 1



പാർട്ട് – 1

GOVERNMENT OF KERALA

# തൊണ്ടയിൽനിന്നുള്ള സ്രവ പരിശോധന ഫലം സാധാരണ നിലയിൽ എത്ര ദിവസത്തിനുള്ളിൽ അറിയാൻ കഴിയും ?

രണ്ടു ദിവസത്തിനകം
അറിയാമെങ്കിലും ചില
സന്ദർഭങ്ങളിൽ നാലു ദിവസംവരെ
നീളാവുന്നതാണ്



## രോഗം സ്ഥിരീകരിച്ച വ്യക്തികളെ എത്രദിവസം കഴിഞ്ഞാണ് ആശുപത്രിയിൽ നിന്നും വിടുതൽ (ഡിസ്ചാർജ്ജ്) ചെയ്യുന്നത് ?

തുടർച്ചയായ രണ്ട് സ്രവ പരിശോധന ഫലം നെഗറ്റിവ് ആയതിനു ശേഷം രോഗിയുടെ ആരോഗ്യ സ്ഥിതികൂടി വിലയിരുത്തി വിദഗ്ധ ഡോക്ടർമാർ അടങ്ങിയ സംഘത്തിന്റെ തീരുമാനപ്രകാരം വിടുതൽ / ഡിസ്ചാർജ്ജ് ചെയ്യുന്നതാണ്



## രോഗി ഉപയോഗിച്ചിരുന്ന ബാഗ് പാത്രങ്ങൾ മറ്റു സാധനങ്ങൾ തുടങ്ങിയവ മറ്റുള്ളവർക്ക് ഉപയോഗിക്കാമോ?

1% വീര്യമുള്ള ബ്ലീച്ച് ലായനിയിൽ
20 മുതൽ 30 മിനിട്ടുവരെ
മുക്കിവച്ച് അണുനശീകരണം
വരുത്തി കഴുകി
പുനരുപയോഗിക്കാവുന്നതാണ്



GOVERNMENT OF KERALA

## രോഗി ഉപയോഗിച്ചിരുന്ന മുറി, കസേര, കട്ടിൽ, ബാഗ് മറ്റു സാധനങ്ങൾ തുടങ്ങിയവ മറ്റുള്ളവർക്ക് ഉപയോഗിക്കാമോ?

**മുറി, ടോയലറ്റ്, മേശ, കസേര, കട്ടിൽ ബാഗ്, മുതലായവ 1% വീര്യമുള്ള ബ്ലീച്ച് ലായനികൊണ്ട് തുടച്ചു/കഴുകി അരമണിക്കൂറിനു ശേഷം ഉപയോഗിക്കാവുന്നതാണ്.**



# 1% വീര്യമുള്ള ബ്ലീച്ച് ലായനി എങ്ങനെ തയ്യാറാക്കാം ?




6 ടീ സ്പൂൺ (2 ടെബിൾ സ്പൂൺ/30 gm) ബ്ലീച്ചിങ്ങ് പൌഡർ 1 ലിറ്റർ വെള്ളത്തിൽ കലക്കിയതിനു ശേഷം ലഭിക്കുന്ന തെളിവെള്ളമാണ് 1% വീര്യമുള്ള ബ്ലീച്ച് ലായനി.

## രോഗി ഉപയോഗിച്ച വസ്തുങ്ങൾ ഡിസ്ചാർജ് സമയത്ത് എന്ത് ചെയ്യണം ?

വസ്തുങ്ങൾ പ്രത്യേകം ശേഖരിച്ച 1% വീര്യമുള്ള ബ്ലീച്ച് ലായനിയിൽ 20 മുതൽ 30 മിനിട്ട് മുക്കിവച്ച കഴുകി വെയിലത്ത് ഉണക്കി ഇസ്തിരിയിട്ട് ഉപയോഗിക്കാം.

പുനരുപയോഗിക്കാൻ കഴിയാത്ത വസ്തുങ്ങൾ കത്തിച്ചു കളയുന്നതാണ് ഉത്തമം





# എത്ര ദിവസത്തെ ഇടവേളകളിലാണ് സ്രവ പരിശോധന നടത്തുന്നത് ?

രോഗം മാറിയോയെന്നറിയാനാണ് സ്രവ പരിശോധന നടത്തുന്നത്.

പോസിറ്റിവ് റിസൽട്ട് വന്നു കുറഞ്ഞത് 3 ദിവസമെങ്കിലും കഴിഞ്ഞാലെ രണ്ടാമത്തെ സ്രവ പരിശോധന നടത്താറുള്ളൂ.

റിസൾട്ട് നെഗറ്റീവായാൽ 48 മണിക്കൂർ കഴിഞ്ഞു ഒരിക്കൽക്കൂടി സ്രവ പരിശോധന നടത്തേണ്ടതാണ്



GOVERNMENT OF KERALA

## ഡിസ്ചാർജ് ചെയ്ത ശേഷം വീട്ടിലെത്തിയാൽ സമ്പർക്ക വിലക്കിന്റെ ആവശ്യമുണ്ടോ ?



നിർബന്ധമായും ഉണ്ട്. അവസാന നെഗറ്റീവ് സ്രവ പരിശോധന ഫലത്തിനു ശേഷമുള്ള 14 ദിവസം അഥവാ രോഗലക്ഷണങ്ങൾ തുടങ്ങിയത് മുതൽ / ആശുപത്രി അഡ്മിഷന് ശേഷമുള്ള 28 ദിവസം.

ഇതിൽ ഏതാണോ കൂടുതൽ അത്രയും ദിവസം വീട്ടിൽ സമ്പർക്ക വിലക്കിൽ കഴിയേണ്ടതാണ്.

## ശരീരത്തിന്റെ രോഗ പ്രതിരോധ ശേഷി കൂട്ടുന്നതെങ്ങനെ ?

ആഹാരത്തിൽ വിറ്റാമിനുകളും ധാതുക്കളും
അടങ്ങിയ പച്ചക്കറികളും പഴവർഗ്ഗങ്ങളും
കഴിക്കുക, ധാരാളം വെള്ളം കുടിക്കുക,
ശരിയായ വിശ്രമവും ഉറക്കവും,
അനാവശ്യ മാനസിക സമ്മർദ്ദം
ഒഴിവാക്കുക, വ്യക്തി ശുചിത്വവും പരിസര
ശുചിത്വവും പാലിക്കുക.



# വാർഡിൽ ഒരുമിച്ച് കിടത്തിയാൽ ഒരു രോഗിയിൽ നിന്നും മറ്റൊരു രോഗിയിലേക്ക് വീണ്ടും അണുബാധയുണ്ടാകാൻ സാദ്ധ്യതയുണ്ടോ ?

സാധ്യത കുറവാണ്. നമ്മുടെ ശരീരത്തിൽ പ്രവേശിച്ച രോഗാണുവിനെ ചെറുക്കാനുള്ള ആന്റിബോഡി ശരീരത്തിൽ ഉണ്ടായ ശേഷമാണ് നാം രോഗ വിമുക്തരാകുന്നത്. ഈ ആന്റിബോഡി കുറച്ച് കാലം നമ്മുടെ ശരീരത്തിൽ കാണാറുണ്ട്. ആയതിനാൽ രോഗികളെ ഒരുമിച്ച് കിടത്തിയാൽ പകരുന്നതിനുള്ള സാധ്യത കുറവാണ്.

മാത്രമല്ല ഇങ്ങനെ കിടത്തുന്ന സന്ദർഭങ്ങളിൽ രോഗ പകർച്ച ഉണ്ടാകാതിരിക്കാനുള്ള അംഗീകൃത മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള സുരക്ഷാ മുൻകരുതലുകൾ അധികൃതർ സ്വീകരിക്കുന്നതാണ്.



GOVERNMENT OF KERALA

## രോഗം പൂർണമായും ചികിത്സിച്ച് മാറ്റാൻ കഴിയുമോ ?

പൂർണ്ണമായും ചികിത്സിച്ച് മാറ്റുവാൻ സാധിക്കും.
എന്നാൽ മറ്റ് അസുഖങ്ങളുള്ളവരിലും
പ്രായമുള്ളവർക്കും രോഗം ഗുരുതരമാകാറുണ്ട്.




നിലവിലെ സർക്കാർ ചികിത്സ മാർഗ്ഗരേഖ പ്രകാരം
ഉള്ള മരുന്നുകളും രോഗ ലക്ഷണങ്ങൾക്ക്
അനുസൃതമായ മറ്റ് മരുന്നുകളും ചികിത്സകളും
ആണ് കൊടുത്തുകൊണ്ടിരിക്കുന്നത്.

# ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ആയശേഷം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് ?

നിലവിലെ ചികിത്സ മാർഗ്ഗരേഖ പ്രകാരം മരുന്നുകൾ കഴിക്കേണ്ടതാണ്.

ഡിസ്ചാർജ് ആയശേഷവും ഡോക്ടർ നിർദേശിക്കുന്ന പ്രകാരം വീട്ടിൽ സമ്പർക്ക വിലക്കിൽ തുടരേണ്ടതാണ്.



ഈ കാലയളവിൽ ഏതെങ്കിലും തരത്തിലുള്ള ശാരീരിക ബുദ്ധിമുട്ട് അനുഭവപ്പെട്ടാൽ ആരോഗ്യപ്രവർത്തകരുമായോ ഹെല്പ് ലൈൻ നമ്പരുമായോ ഫോണിൽ ബന്ധപ്പെട്ട് വേണ്ട നടപടികൾ കൈകൊള്ളുക.

ശരിയായി വിശ്രമിക്കുക, പോഷകമൂല്യമുള്ള ആഹാരം കഴിക്കുക, മാനസിക സമ്മർദ്ദം ഉണ്ടാകാവുന്ന സാഹചര്യം ഒഴിവാക്കുക.



## ഒരിക്കൽ രോഗം ചികിത്സിച്ച ഭേദമാക്കിയാൽ വീണ്ടും രോഗം വരാനുള്ള സാധ്യതയുണ്ടോ ?

രോഗബാധ ഉണ്ടായിട്ടുള്ള ചില രാജ്യങ്ങളിൽ വീണ്ടും അണുബാധ ഉണ്ടായതായുള്ള റിപ്പോർട്ടുകൾ കാണുന്നുണ്ട്, പക്ഷെ ഇതു സംബന്ധിക്കുന്ന പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്നതെയുള്ളൂ. അതിനാൽ തന്നെ രോഗം വീണ്ടും വരില്ലയെന്നു തീർത്തും പറയാൻ സാധിക്കില്ല.



# രോഗികൾ ഏതുതരം മാസ്കാണ് ധരിക്കേണ്ടത് ?

**ഡിസ്ചാർജ്ജ് ആയ ശേഷം ത്രീ ലെയർ മാസ്ക് അഥവാ സർജിക്കൽ മാസ്കാണ് ധരിക്കേണ്ടത്**





# നന്ദി................

GOVERNMENT OF KERALA